No. 100/2021

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ**
**ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പ. സഭയുടെ ഉടമസ്ഥതയിലും നമ്മുടെ നേരിട്ടുള്ള നിയന്ത്രണത്തിലും പ്രവർത്തിച്ചുവരുന്ന പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി അതിന്റെ പ്രവർത്തനസരണിയിൽ അനുഗ്രഹകരമായി മുന്നേറുന്നു എന്നറിയിക്കുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് രണ്ട് പതിറ്റാണ്ടിലധികമായി മികച്ച സേവനം നൽകുന്ന കോളേജിന് ഉന്നത വിദ്യാഭ്യാസ മികവിന്റെ അംഗീകാരമായി നാക് (NAAC) B++ ഗ്രേഡ് ഈ വർഷം ലഭിച്ചു എന്നതിൽ നമുക്ക് അഭിമാനിക്കാം. കൂടാതെ NBA അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ് എന്നീ ശാഖകളിൽ ബി. ടെക് കോഴ്സുകളിലേക്ക് 2021 – 22 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്ന വിവരം നിങ്ങളെ അറിയിക്കുന്നു. എഞ്ചിനീയറിംഗ് പ്രവേശനത്തിന് അർഹരായ നമ്മുടെ സഭാംഗങ്ങൾക്ക് നമ്മുടെ കോളേജിൽത്തന്നെ അഡ്മിഷൻ ലഭിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്.

എഞ്ചിനീയറിംഗ് പഠിക്കുവാൻ ആഗ്രഹിക്കുന്ന നമ്മുടെ കുട്ടികളെ നമ്മുടെ പീരുമേട് എഞ്ചിനീയറിംഗ് കോളേജിൽ തന്നെ ചേർക്കുന്നതിന് നമ്മുടെ വൈദികരും രക്ഷിതാക്കളും മുൻകൈ എടുക്കണം. വിദ്യാർത്ഥികൾക്ക് ആരാധനയ്ക്കായി കാമ്പസിനുള്ളിൽതന്നെ ചാപ്പൽ സ്ഥിതി ചെയ്യുന്നുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മികവുറ്റ സൗകര്യങ്ങളോടുകൂടെ വെവ്വേറെ ഹോസ്റ്റലുകൾ ക്രമീകരിച്ചിട്ടുണ്ട്. മികച്ച താമസസൗകര്യങ്ങളുള്ള ഇവിടുത്തെ ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സൗജന്യ ട്യൂഷൻ ക്രമീകരിച്ചിട്ടുണ്ട്. അഡ്മിഷൻ നേടുന്ന ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് ഫീസിനത്തിൽ പ്രത്യേക ഇളവുകൾ നൽകുന്നതാണ്. ഈ വർഷം ആ ഇടവകയിൽ നിന്ന് 10-ാം ക്ലാസിലും +1, +2 സയൻസ് വിഷയത്തിലും പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ പേരും മറ്റ് വിവരങ്ങളും ഈ കൽപ്പനയോടൊപ്പം നൽകുന്ന ഫാറത്തിൽ താഴെ പറയുന്ന ഇ-മെയിലിൽ അയച്ചുതരുവാൻ വികാരിമാർ ശ്രദ്ധിക്കണം. ഈ സ്ഥാപനത്തിൽ പഠനം പൂർത്തിയാക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മികച്ച തൊഴിലവസരങ്ങൾ ലഭിക്കണം എന്ന ഉദ്ദേശ്യത്തോടെയുള്ള തയ്യാറെടുപ്പുകൾ എഞ്ചിനീയറിംഗ് പഠനത്തിന്റെ ആദ്യവർഷം മുതൽ ആരംഭിക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ കോളേജ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

(മറുപുറം)

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഡയറക്ടർ പയ്യംപള്ളിൽ ജിജി ഏബ്രഹാം കത്തനാരുമായോ (09605020820), എഞ്ചിനീയറിംഗ് കോളേജിന്റെ ദേവലോകം അരമനയിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസുമായോ (0481 2574522, aramana@mbcpeermade.com)പീരുമേട്ടിൽ സ്ഥിതി ചെയ്യുന്ന കോളേജ് ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ് (www.mbcpeermade.com, e.mail: mbc@mbcpeermade.com, 04869233571, 7559933571, 7025062628).

മഹാമാരികളുടെ ഈ പ്രതിസന്ധി കാലഘട്ടത്തിൽ നമ്മുടെ സഭയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാവിയെ സംബന്ധിച്ചുള്ള ആശങ്ക നമ്മെ ഏറെ ഭാരപ്പെടുത്തുന്നുണ്ട്. സഭയുടെ സ്ഥാപനങ്ങൾ സംരക്ഷിച്ച് പുരോഗതിയിലേക്ക് നയിക്കേണ്ടതിന്റെ ഉത്തരവാദിത്വം സഭാംഗങ്ങൾക്കേവർക്കും, പ്രത്യേകിച്ച് നമ്മുടെ വൈദികർക്ക്, ഉണ്ട് എന്ന് നാം ഓർമിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2021 ജൂൺ മാസം 05 -ാം തീയതി
പരുമല സെന്റ് ഗ്രീഗോറിയോസ്
ആശുപത്രിയിൽ നിന്നും